CMS

# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

MA തമിഴ് സ്കീം സിലബസ്, മാതൃകാചോദ്യപേപ്പർ (I,II സെമസ്റ്ററുകൾ) അംഗീകരിച്ചും MA തമിഴ് പ്രോഗ്രാമിന്റെ പ്രവേശനയോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ ശുപാർ ചെയ്യുന്നതിനായി ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർനെ ചുമതലപ്പെടുത്തുവാനും അക്കാദമിക് കൗൺസിൽ തീരുമാനിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക്ക് എ9 സെക്ഷൻ

സ.ഉ.നം.3570/എസിഎ9/2/ MA തമിഴ് /2017 പി.ഡി.ഹിൽസ്, തീയതി, 15.06.2017

---

സൂചന:- 1) 9.01.2017 ൽ കൂടിയ ും MA തമിഴ് വിദഗ്ധസമിതി യോഗത്തിന്റെ മിനിട്ട്സ്.

2) 6.05.2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിട്ട്സ് ഐറ്റം നം.64/ Ac 17/17125

## ഉത്തരവ്

ഡോ. ടി. ചന്ദ്രൻ, വകുപ്പ് മേധാവി, തമിഴ് വിഭാഗം ഗവ. കോളേജ്, മൂന്നാർ (കൺവീനർ, വിദഗ്ധസമിതി തമിഴ് (ബിരുദം) MA തമിഴ് പ്രോഗ്രാമിന്റെ സിലബസ് 05/12/2016 ൽ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ MA തമിഴ് പ്രോഗ്രാമിന് ബോർഡ് ഓഫ് സ്റ്റഡീസ്/ വിദഗ്ധസമിതി (ബിരുദാനന്തരബിരുദം) നിലവിലില്ലാത്ത തിനാൽ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം MA തമിഴ് പ്രോഗ്രാമിന് വേണ്ടി ഡോ. ടി. ചന്ദ്രൻ കൺവീനറായി അഞ്ചംഗ വിദഗ്ധസമിതി രൂപീകരിച്ചു.

09.01.2017 ൽ കൂടിയ MA തമിഴ് വിദഗ്ധസമിതി (ബിരുദാനന്തരബിരുദം) യോഗം MA തമിഴ് പ്രോഗ്രാമിന്റെ സ്കീം, സിലബസ് എന്നിവ വിശദമായി പരിശോധി ക്കുകയും അത് `PGCSS Regulations 2011' ന് അനുസൃതമായതിനാൽ അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് വേണ്ടി ശുപാർശ ചെയ്യുകയും മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൺവീനറെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്രകാരം 18.01.2017 ൽ ഡോ. ടി. ചന്ദ്രൻ കൺവീനർ, MA തമിഴ് വിദഗ്ധ സമിതി MA തമിഴ് പ്രോഗ്രാമിന്റെ സ്കീം, സിലബസ് (2016 അഡ്മിഷൻ) മാതൃകാ ചോദ്യപേപ്പറുകളും (I,II സെമസ്റ്ററുകളും) അംഗീകാരത്തിനായി സമർപ്പിച്ചു.

സർവ്വകലാശാല ഉത്തരവ് നമ്പർ 6505/എ I/2016/അക്കാദമിക് തീയതി 07.12.2016 പ്രകാരം ഗവ. കോളേജ്, മൂന്നാറിൽ MA തമിഴ് പ്രോഗ്രാമിന് താൽക്കാലിക അഫിലിയേഷൻ നൽകി ഉത്തരവാകുകയും ടി ഉത്തരവ് പ്രകാരം അനുവദിച്ച കോഴ്സുകളിലേക്ക് 14.12.2016 നുള്ളിൽ പ്രവേശനം നടത്തണമെന്നും

നിർദ്ദേശിച്ചിരുന്നു. കൂടാതെ MA തമിഴ് പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ സിലബസിൽ പരാമർശിച്ചിരുന്നില്ല.

MA തമിഴ് (2016 അഡ്മിഷൻ) സ്കീം, സിലബസ് എന്നിവ ബഹു. വൈസ് ചാൻസലറുടെ 04/02/2017 ലെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

സൂചന (2) പ്രകാരം 06.05.2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം "MA തമിഴ് വിദഗ്ദസമിതി സമർപ്പിച്ച MA തമിഴ് പ്രോഗ്രാമിന്റെ സ്കീം, സിലബസ് (2016 അഡ്മിഷൻ) മാതൃകാ ചോദ്യപേപ്പറുകളും (I,II സെമസ്റ്ററുകളും) അംഗീകരിക്കുന്നതിന് തീരുമാനിച്ചു. MA തമിഴ് പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന് ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു"

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സതീഷ്ചന്ദ്രൻ നായർ. പി.എസ്

അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്ക്)

രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി യുടെ പി.എസ്.
2. പി.വി.സി യുടെ പി.എസ്.
3. രജിസ്ട്രാർ /പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എമാർ.
4. ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ.
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്).
6. എ.സി.സി. സെക്ഷൻ
7. എ.സി.എ. I, എ.സി.എ VIII
8. എ.സി. BVI /എ.സി BVII
9. ജെ.ആർ/ഡി.ആർ I/എ.ആർ (പി.ജി. സെക്ഷൻ – പരീക്ഷാവിഭാഗം)
10. ഇ.ബി. സെക്ഷൻ (മാതൃകാചോദ്യപേപ്പറും സിലബസും സഹിതം)
11. കണ്ടന്റ് മാനേജ്മെന്റ്/ഐക്യുഎസി.
12. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac AIX/2/8056/MA Tamil/2016.